**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1715** **29-09-2025 - ൽ മറുപടിയ്ക്ക്**

**കാംകോ ടില്ലർ യൂണിറ്റ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.പി.മോഹനൻ | | ശ്രീ. പി. പ്രസാദ്<br>(കൃഷി വകുപ്പ് മന്ത്രി) | |
| (എ) | കൂത്തുപറമ്പ് നിയോജകമണ്ഡലത്തിലെ വലിയവെളിച്ചം വ്യവസായ വളർച്ചാ കേന്ദ്രത്തിൽ പ്രവർത്തിച്ചുവരുന്ന കാംകോ യൂണിറ്റിൽ ഉല്പാദനം വർദ്ധിപ്പിക്കാൻ എന്തൊക്കെ നടപടികളാണ് സ്വീകരിക്കുന്നതെന്ന് വ്യക്തമാക്കാമോ? | (എ) | കൂത്തുപറമ്പ് മണ്ഡലത്തിലെ വലിയവെളിച്ചം വ്യവസായ കേന്ദ്രത്തിൽ 2015 ൽ ആരംഭിച്ച കാംകോയുടെ ന്യൂജനറേഷൻ പവർ ടില്ലർ ഉൽപാദന യൂണിറ്റിൽ ഉൽപാദനം ആരംഭിച്ചുവെങ്കിലും, തുടർന്ന് വില്പന കുറഞ്ഞതിനാൽ 2022 മുതൽ ഉൽപാദനം നിർത്തേണ്ടി വന്നു. കാംകോയുടെ R&D വിഭാഗം ന്യൂജനറേഷൻ പവർ ടില്ലറിന് ആവശ്യമായ മാറ്റങ്ങൾ വരുത്തിയ പുതിയ മോഡൽ വരും വർഷങ്ങളിൽ വിപണിയിൽ ഇറക്കുവാൻ പദ്ധതിയിട്ടിട്ടുണ്ട്.<br><br>ഇതിനായി പുതിയ മോഡൽ ന്യൂജനറേഷൻ പവർ ടില്ലറിന്റെ ടെസ്റ്റ് മാർക്കറ്റിംഗ് ദ്രുതഗതിയിൽ പുരോഗമിച്ചു വരുന്നു. ടെസ്റ്റ് മാർക്കറ്റിംഗിന് ആവശ്യമായ യന്ത്രങ്ങൾ കാംകോയുടെ R&D വിഭാഗം ഉല്പാദിപ്പിച്ചു വരുന്നു. തുടർന്ന് ട്രയൽ മാർക്കറ്റിംഗ് നടത്തി വിപണി ഉറപ്പായതിനു ശേഷം കാംകോയുടെ വലിയവെളിച്ചം യൂണിറ്റിൽ ഉൽപാദനം വീണ്ടും ആരംഭിക്കുവാൻ ഉദ്ദേശിക്കുന്നു. |

സെക്ഷൻ ഓഫീസർ